# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം -3273** 11.12.2014- ൽ മറുപടിക്ക്

## തൃക്കരിപ്പൂർ മണ്ഡലത്തിലെ റോഡ് നിർമ്മാണം

**ചോദ്യം**

**ശ്രീ.കെ. കുഞ്ഞിരാമൻ**
**(തൃക്കരിപ്പൂർ)**

തൃക്കരിപ്പൂർ മണ്ഡലത്തിലെ പടന്ന- മൂസ ഹാജിമുക്ക് തോട്ടുകര - കിനാത്തിൽ റോഡിന് മലബാർ പാക്കേജിൽ തുക ഉണ്ടായിട്ടും നിർമ്മാണ പ്രവർത്തനം ആരംഭിക്കുവാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ?

**മറുപടി**

**ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്**
**(പൊതുമരാമത്ത് വകുപ്പുമന്ത്രി)**

14.07.2009 -ലെ സ.ഉ (സാധാ) നം.1044/09 പ്രകാരം 460 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ഈ പ്രവൃത്തിക്കുള്ള സ്ഥലം ലഭിച്ചത് 11.07.2013-ന് മാത്രമായതിനാലും, പുതുക്കിയ SOR പ്രകാരം ഈ പ്രവൃത്തിക്ക് അധിക തുക ആവശ്യമായി വരും എന്നതിനാലും ഭരണാനുമതിക്കുള്ള പുതുക്കിയ എസ്റ്റിമേറ്റ്, ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തി സമർപ്പിക്കുവാൻ പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ